J8- 30247/17

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 06.03.2018

# സർക്കുലർ

വിഷയം : ഗ്രാമ സഭാ പോർട്ടൽ സംബന്ധിച്ച്

സൂചന : സ ഉ (ആർ ടി ) 2549/17 തീയതി 24.07.2017 നമ്പർ ഉത്തരവ്

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്നതിനായി പഞ്ചായത്ത് വകുപ്പ് ഐ.കെ.എം ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ ഗ്രാമസഭാ പോർട്ടൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഗ്രാമസഭകളിൽ നേരിട്ട് ഹാജരാകുന്നതിന് സാധിക്കാത്ത പൊതു ജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓൺലൈൻ ആയി ഗ്രാമസഭകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ആണ് ഗ്രാമസഭ പോർട്ടൽ വഴി പ്രധാനമായും ഉദ്ദേശിക്കുന്നത്. പൊതു ജനങ്ങൾ, ജന പ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. സോഫ്റ്റ് വെയർ സംമ്പന്ധിച്ച് യൂസർ ഗൈഡ് ഐ.കെ.എം ലഭ്യമാക്കുന്നതാണ്.

ഗ്രാമസഭകളിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്തവർക്ക് അവരുടെ അഭിപ്രായംങ്ങൾ ഓൺലൈൻ മുഖാന്തിരം രേഖപെടുത്തുന്നതിനും, പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള നിർദ്ദേശം ഓൺലൈനായി സമർപ്പിക്കുന്നതിനും ഉള്ള സൗകര്യം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.സോഫ്റ്റ് വെയർ സംമ്പന്ധിച്ച് ജീവനക്കാർക്കും ജന പ്രതിനിധികൾക്കും പൊതു ജനങ്ങൾക്കും ആവശ്യമായ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്.ആയതിലേക്കായി എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ബന്ധപ്പെട്ട ഐ.കെ.എം ജില്ലാ ടെക്നിക്കൽ ആഫീസർമാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് വകുപ്പിലെയും ഐ.കെ.എം ലെയും ജീവനക്കാരെ ഉൾപ്പെടുത്തി ഒരു ടീം ജില്ലാ തലത്തിൽ രൂപീകരിക്കേണ്ടതും മേൽപ്പടി ടീമിനെ ഉപയോഗപ്പെടുത്തി ജില്ലയിലെ മുഴുവൻ സെക്രട്ടറിമാർക്കും ജന പ്രതിനിധികൾക്കും പരിശീലനം നൽകേണ്ടതാണ്.

മേൽപ്പടി പരിശീലന പരിപാടിയുടെ ജില്ലാതല ഏകോപന മേൽനോട്ട ചുമതല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ സൂപ്രണ്ടിനും പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് തലത്തിലെ ചുമതല പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർക്കും ആയിരിക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ പൊതു ജനങ്ങൾക്കുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിശീലന പരിപാടി ജന പ്രതിനിധികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട സെക്രട്ടറിമാർ ഒരുക്കേണ്ടതാണ്.ആയതിലേക്കായി ജില്ലാതല പരിശീലന ഉദ്യോഗസ്ഥരുടെയും ബ്ളോക്ക് തല ടെക്നിക്കൽ അസിസ്റ്റന്റ സേവനം പ്രയോജനപെടുത്തേണ്ടതാണ്. ഓരോ ജില്ലയിലെയും പരിശീലന പരിപാടികൾ സംബന്ധിച്ച സമയ ക്രമം തയ്യാറാക്കി ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ 10 ദിവസത്തിനകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

എല്ലാ ഗ്രാമപഞ്ചായത്തുകളും ഗ്രാമസഭ സംമ്പന്ധമായതും പൊതുവായതുമായ എല്ലാ അറിയിപ്പുകളും ഗ്രാമസഭ പോർട്ടൽ വഴി ചെയ്യുന്നതിനു് ആവശ്യമായ മേൽ നോട്ടം നടത്തുന്നതിനും ഗ്രാമസഭ പോർട്ടൽ ഏപ്രിൽ മാസം അവസാന വാരത്തോട് കൂടി പൂർണ്ണമായും ഉപയോഗ പ്രദമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡിഡിപി മാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പെർഫോമൻസ് ഓഡിറ്റ് പരിശോധനവേളയിൽ ആയതിന്റെ പരിശോധന റിപ്പോർട്ടുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ മെമ്പർമാർ സകർമ ലോഗിൻ വഴി സമർപ്പിക്കുന്ന അറിയിപ്പുകൾ സമയബന്ധിതമായി പരിശോധിച്ച് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള ലിങ്ക്- **https://gramasabha.lsgkerala.gov.in**

പഞ്ചായത്ത് ഡയറക്ടർ